DESP 9/3/23.
On. 9/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 929*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13749**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.അബ്ദുൾ ഷുക്കൂർ കെ.എ.,**
**കൊച്ചണ്ണൻ പറമ്പിൽ,**
**പെരുന്ന പി.ഒ., ചങ്ങനാശ്ശേരി,**
**കോട്ടയം.**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**സെക്രട്ടറി,**
**വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**പി.ഒ.കുരുശ്ശുമ്മൂട്, ചങ്ങനാശ്ശേരി, കോട്ടയം ജില്ല,**
**പിൻ - 686 104.**
} **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. അബ്ദുൾ ഷുക്കൂർ കെ. എ., 16.11.2020ന് സമർപ്പിച്ച പരാതി ഹർജി 27.11.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.929(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കമ്മീഷന്റെ ഉത്തരവ് എതിർകക്ഷി നടപ്പാക്കിയില്ലെന്നാണ്.

3. എതിർകക്ഷി 11.01.2023ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 21.01.2020 തീയതിയായി ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 19.02.2020ന് മറുപടി നൽകിയിട്ടുള്ളതാണെന്നും 05.03.2020ന് ടിയാൻ അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ 25.03.2020ന് തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്നുമാണ്. എന്നാൽ ടിയാൻ വിവരാവകാശ കമ്മീഷൻ മുമ്പാകെ 11.05.2020 തീയതിയിൽ സമർപ്പിച്ച അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 5ൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ 11.01.2021ലെ കത്തു പ്രകാരം അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നുമാണ്.

4. 23.01.2023 തീയതി കമ്മീഷൻ കോട്ടയം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായില്ല.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കമ്മീഷന്റെ ഉത്തരവ് എസ്.പി.ഐ.ഒ. നടപ്പിലാക്കിയിട്ടില്ല എന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതിയെന്നു കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ നിർദ്ദേശിച്ച പ്രകാരമുള്ള കമ്മീഷന്റെ ഉത്തരവിലെ ഖണ്ഡിക 5ൽ പ്രതിപാദിക്കുന്ന വിവരങ്ങൾ അടങ്ങിയ കത്ത് ഹർജിക്കാരന് നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കാണുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്ത മാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 15–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/